ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 77-ാം രക്തസാക്ഷിത്വ ദിനത്തിൽ രാഷ്ട്രം ഇന്ന് ആദരാഞ്ജലി അർപ്പിക്കും.**

**Today the nation will pay homage to the Father of Nation Mahatma Gandhi on his 77th Martyrdom Day.**

2) **പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം ഇന്ന്. ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കം.**

**The all-party meeting called by the central government will be held today ahead of the budget session of parliament. The budget session will begin tomorrow.**

3) **പൊതുമേഖലാ എണ്ണ വിപണന കമ്പനികൾക്കുള്ള എഥനോൾ സംഭരണ വില പരിഷ്കരിക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.**

**Union Cabinet has decided to revise ethanol procurement price for public sector oil marketing companies.**

4) **പ്രയാഗ് രാജിൽ കുംഭമേളയ്ക്കിടെ തിക്കിലും തിരക്കിലും അപകടം ഉണ്ടായ സാഹചര്യത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കി യു.പി സർക്കാർ. അന്വേഷണത്തിന് മൂന്നംഗ ജുഡീഷ്യൽ കമ്മീഷൻ രൂപീകരിച്ചു.**

**In view of Maha Kumbhmela stampede incident at Prayagraj, UP Government has strengthened the security arrangements. A three-member judicial commission was formed to investigate the incident.**

5) **കേരളത്തിൽ 30 തദ്ദേശ വാർഡുകളിലേക്ക് അടുത്ത മാസം 24-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.**

**In Kerala, the notification for the by-elections to be held on 24th for 30 local wards will be issued today.**

6) **ഉത്തരാഖണ്ഡിൽ നടക്കുന്ന ദേശീയ ഗെയിംസിൽ അഞ്ച് സ്വർണ്ണവുമായി കർണ്ണാടക മുന്നിൽ. കേരളത്തിന്റെ സാജൻ പ്രകാശിന് ഇരട്ട വെങ്കലം.**

**In the National Games held in Uttarakhand, Karnataka leads with five golds. Double bronze for Kerala's Sajan Prakash.**

==============================================

## MARTYRS DAY

രാജ്യം ഇന്ന് രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാം രക്തസാക്ഷിത്വ ദിനം ആചരിക്കുന്നു. 1948 ജനുവരി 30 നാണ് നാഥുറാം ഗോഡ്സെയുടെ വെടിയേറ്റ് ഗാന്ധിജി കൊല്ലപ്പെട്ടത്.

ന്യൂഡൽഹിയിൽ രാജ്ഘട്ടിലെ ഗാന്ധി സമാധിയിൽ ഇന്ന് സർവ ധർമ്മ പ്രാർത്ഥന നടക്കും. രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധിയുടെ ജീവിതത്തെക്കുറിച്ചുള്ള പ്രത്യേക പ്രദർശനം, **"ജേർണി ഓഫ് ദി മഹാത്മ: ത്രൂ ഹിസ് ഓൺ ഡോക്യുമെന്റ്സ്"** രാജ്ഘട്ടിലുള്ള നാഷണൽ ഗാന്ധി മ്യൂസിയത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. അപൂർവ ഫോട്ടോഗ്രാഫുകൾ, ഔദ്യോഗിക രേഖകൾ, ഓഡിയോ റെക്കോർഡിംഗുകൾ, വീഡിയോ ക്ലിപ്പിംഗുകൾ, കത്തിടപാടുകൾ എന്നിവയാണ് പ്രദർശനത്തിൽ ഉണ്ടാവുക.

==============================================

## ALL PARTY MEETING

നാളെ ആരംഭിക്കുന്ന പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം ഇന്ന് ചേരും. ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി നാളെ അഭിസംബോധന ചെയ്യുന്നതോടെയാണ് ബജറ്റ് സമ്മേളനത്തിന് തുടക്കമാകുന്നത്. സാമ്പത്തിക സർവ്വേ

റിപ്പോർട്ട് കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ നാളെ പാർലമെൻറിന്റെ മേശപ്പുറത്ത് വയ്ക്കും. കേന്ദ്ര ബജറ്റ് ശനിയാഴ്ച കേന്ദ്രധനമന്ത്രി പാർലമെൻറിൽ അവതരിപ്പിക്കും. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാർലമെന്റ് തിങ്കളാഴ്ച ചർച്ച ചെയ്യും.

==============================================

## CABINET DECISIONS (INTRO)

പൊതുമേഖലാ എണ്ണ വിപണന കമ്പനികൾക്കുള്ള എഥനോൾ സംഭരണ വില പരിഷ്കരിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിസഭാ സമിതി അംഗീകാരം നൽകി. എഥനോൾ മിശ്രണ പദ്ധതിയിലൂടെ രാജ്യത്തിന് **ഒരു ലക്ഷത്തി പതിമൂവായിരം കോടി** രൂപയുടെ വിദേശനാണ്യം ലാഭം ഉണ്ടായതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇതോടെ C-ഹെവി മൊളാസസിൽ നിന്നുള്ള എഥനോളിന്റെ വില ലിറ്ററിന് **56.58** രൂപയിൽ നിന്ന് **57.97** രൂപയാകുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

**(HOLD FOR BYTE..............)**

==============================================

## CABINET DECISIONS

ഹരിതോർജ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് നാഷണൽ ക്രിറ്റിക്കൽ മിനറൽ മിഷന് രൂപം നല്കാൻ കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ തീരുമാനം. ഇതിനായി 7 വർഷത്തേക്ക് **34,300 കോടി രൂപ** അനുവദിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ധാതു പര്യവേക്ഷണത്തിനുള്ള രാജ്യത്തിന്റെ സാധ്യതകൾ വർധിപ്പിച്ച് ധാതുക്കളുടെ ഇറക്കുമതി ആശ്രയം കുറക്കാനാണ് സർക്കാർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

==============================================

## MAHAKUMBH, CS DGP – (INTRO)

കുംഭമേളക്കിടെ തിക്കിലും തിരക്കിലും അപകടം ഉണ്ടായ സാഹചര്യത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യുന്നതിനായി ഉത്തർപ്രദേശ് ചീഫ് സെക്രട്ടറിയും പൊലീസ് മേധാവിയും ഇന്ന് പ്രയാഗ്‌രാജ് സന്ദർശിക്കും. സംഭവത്തിൽ 30 തീർത്ഥാടകർക്ക് ജീവൻ നഷ്ടപ്പെടുകയും 60 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സ്ഥിതിഗതികൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ചീഫ് സെക്രട്ടറിയ്ക്കും ഡിജിപിയ്ക്കും നിർദേശം നൽകിയിരുന്നു. സംഭവം അന്വേഷിക്കുന്നതിന് മൂന്നംഗ ജുഡീഷ്യൽ കമ്മീഷനെയും രൂപീകരിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് യുപി സർക്കാർ 25 ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം, സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻകർ പ്രധാനമന്ത്രി നരേന്ദ്രമോദി, തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബത്തോടൊപ്പം നിൽക്കുന്നതായും പരിക്കേറ്റവർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(PM BYTE............)**

==========================================

## MAHAKUMBH GENERAL

മൗനി അമാവാസിയോടനുബന്ധിച്ച് ഇന്നലെ സന്യാസിമാർ ഉൾപ്പെടെ ഏഴ് കോടിയിലധികം തീർത്ഥാടകർ പ്രയാഗ്‌രാജിലെ ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തി. ജനുവരി 13-ന് ആരംഭിച്ച മഹാ കുംഭമേളയിൽ, ഇതുവരെ 26 കോടിയിലധികം തീർത്ഥാടകരാണ് എത്തിയത്. ഇന്നലെയുണ്ടായ അപകടത്തെ തുടർന്ന് പ്രദേശത്ത് സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. ദ്രുതകർമ സേനയെ ഇവിടെ വിന്യസിച്ചിട്ടുണ്ട്. സിസിടിവി, ഡ്രോണുകൾ

എന്നിവയുടെ സഹായത്തോടെ സുരക്ഷാ സേന സൂക്ഷ്മ നിരീക്ഷണവും നടത്തുന്നുണ്ട്.

===============================================

## DELHI ELECTION

ഡൽഹിയിൽ അടുത്ത മാസം അഞ്ചിന് നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. ബിജെപി, ആം ആദ്മി , കോൺഗ്രസ് പാർട്ടികളുടെ മുൻനിര നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് റാലികൾ അഭിസംബോധനം ചെയ്യും. ആം ആദ്മി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാളും സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവും നോർത്ത് വെസ്റ്റ് ഡൽഹിയിൽ റോഡ് ഷോയിൽ പങ്കെടുക്കും. അടുത്ത മാസം എട്ടിനാണ് വോട്ടെണ്ണൽ.

===============================================

## JPC-WAQF

വഖഫ് ഭേദഗതി ബിൽ 2024 സംബന്ധിച്ച പാർലമെന്റ് സംയുക്ത സമിതിയുടെ കരട് റിപ്പോർട്ട് അംഗീകരിച്ചു. പ്രതിപക്ഷത്തിന്റെ വിയോജിപ്പോടെയാണ് റിപ്പോർട്ട് അംഗീകരിച്ചത്. ബില്ലുമായി ബന്ധപ്പെട്ട 14 വ്യവസ്ഥകളിൽ കമ്മിറ്റി ഭേദഗതികൾ അംഗീകരിച്ചതായി 31 അംഗ സമിതിയുടെ ചെയർമാൻ ജഗദാംബിക പാൽ പറഞ്ഞു. കമ്മിറ്റിയുടെ റിപ്പോർട്ട് ഇന്ന് ലോക്‌സഭാ സ്പീക്കർ ഓം ബിർളയ്ക്ക് സമർപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു. രാജ്യത്തുടനീളമുള്ള വഖഫ് സ്വത്തുക്കളുടെ മാനേജ്മെന്റും നിയന്ത്രണവും പരിഷ്കരിക്കുക എന്നതാണ് ബിൽ ലക്ഷ്യമിടുന്നത്. അതേസമയം, പാനലിലെ പ്രതിപക്ഷ അംഗങ്ങൾ റിപ്പോർട്ട് അംഗീകരിച്ചതിനെ ചോദ്യം ചെയ്തു.

===============================================

## ISRO

നൂറാം വിക്ഷേപണ വിജയത്തിന്റെ നിറവിൽ ശ്രീഹരിക്കോട്ട. ഐ.എസ്.ആർ.ഒ യുടെ ഗതിനിർണയ ഉപഗ്രഹമായ എൻവിഎസ്-02 വിനെ, ജിഎസ്എൽവി-F 15 റോക്കറ്റ് വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ചു. സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ ഇന്നലെ രാവിലെ 6:23-നായിരുന്നു വിക്ഷേപണം. നിർണായകമായ ഈ നേട്ടത്തിൽ ഐ എസ് ആർ ഒ യെ പ്രധാനമന്ത്രി നരേന്ദ്രമോദി കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ് തുടങ്ങിയവർ അഭിനന്ദിച്ചു.

===============================================

## BY ELECTION KERALA

കേരളത്തിൽ 30 തദ്ദേശ വാർഡുകളിലേക്ക് ഫെബ്രുവരി 24-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീവരാഹം വാർഡ്, കൊട്ടാരക്കര, പത്തനംതിട്ട, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകൾ, രണ്ട് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. അടുത്ത മാസം ആറ് വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. ഫെബ്രുവരി 25 നാണ് വോട്ടെണ്ണൽ.

===============================================

## ECI-BIENNIAL ELECTION-TELANGANA

തെലങ്കാന നിയമസഭ കൗൺസിലിലെ രണ്ട് സീറ്റുകളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിനുള്ള തീയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. രണ്ട് വർഷത്തിലൊരിക്കലാണ് ഇവിടെ തിരഞ്ഞെടുപ്പ് നടക്കുന്നത്. അടുത്ത മാസം മൂന്നിന് നടപടി ക്രമങ്ങൾ ആരംഭിക്കും.

===============================================

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാ മത് ദേശീയ ഗെയിംസിൽ കേരളത്തിന്റെ സാജൻ പ്രകാശിന് ഇരട്ട വെങ്കലം. പുരുഷ നീന്തൽ 200 മീറ്റർ ഫ്രീ സ്റ്റൈലിലും 100 മീറ്റർ ബട്ടർഫ്ളൈ ഇനത്തിലുമാണ് സാജൻ പ്രകാശ് വെങ്കലം നേടിയത്. പുരുഷ റഗ്ബിയിൽ കേരളം ഇന്നലെ ഉത്തരാഖണ്ഡിനെ പരാജയപ്പെടുത്തി. വനിതാ വോളിബോളിൽ പശ്ചിമ ബംഗാളിനെതിരെയും, വനിതാ വാട്ടർ പോളോയിൽ തമിഴ്നാടിനെതിരെയും കേരളം വിജയം നേടി. 5 സ്വർണവുമായി കർണാടകയാണ് മുന്നിട്ട് നിൽക്കുന്നത്. നാല് സ്വർണവുമായി  മണിപ്പൂർ രണ്ടാമതും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളം എട്ടാം സ്ഥാനത്താണ്.

==================================================

## CHESS - TATA STEEL

നെതർലാൻഡ്സിൽ നടക്കുന്ന ടാറ്റ സ്റ്റീൽ ചെസ് ടൂർണമെന്റിൽ ഇന്ത്യൻ താരം ഡി.ഗുകേഷിന്റെ മുന്നേറ്റം തുടരുന്നു. ഡച്ച് ഗ്രാന്റ്മാസ്റ്റർ മാക്സ് വാർമെർഡാമിനെതിരെ 10-ാം റൗണ്ടിൽ ഗുകേഷ് ലീഡ് നിലനിർത്തുകയാണ്. ലോക ചെസ് ചാമ്പ്യനാകുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന നേട്ടത്തിന് ശേഷം ഗുകേഷിന്റെ ആദ്യ മത്സരമാണിത്.

==================================================

## ISL

ഐ.എസ്.എല്ലിൽ  കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ എഫ്.സി യെ നേരിടും. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

==================================================

## ASWAMEDHAM

കുഷ്ഠരോഗ നിർമാർജനം ലക്ഷ്യമിട്ട് ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന '**അശ്വമേധം**' ആറാം ഘട്ടം ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം ദേശീയ കുഷ്ഠരോഗ വിരുദ്ധ ദിനമായ

ഇന്ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ക്യാമ്പയിന്റെ ഭാഗമായി അടുത്ത മാസം 12 വരെ, രണ്ടാഴ്ചക്കാലം നീളുന്ന ഭവന സന്ദർശനം, സ്പർശ് ക്യാമ്പയിൻ എന്നിവ സംഘടിപ്പിക്കും.

=============================================

## NENMARA CASE

നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി ചെന്താമരയെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. പ്രതിയെ കൂടുതൽ ചോദ്യം ചെയ്യുന്നതിനായി കസ്റ്റഡി അപേക്ഷ നൽകുമെന്ന് പാലക്കാട് എസ്.പി അജിത് കുമാർ പറഞ്ഞു.

=============================================

## NAMO RAIL TICKET DISCOUNT

നമോ ഭാരത് ട്രെയിൻ യാത്രക്കാർക്ക് ടിക്കറ്റുകളിൽ 10 ശതമാനം ഇളവ് പ്രഖ്യാപിച്ച് National Capital Region Transport Corporation. നമോ ഭാരത് മൊബൈൽ ആപ്പ്, NCMC കാർഡ് എന്നിവ ഉപയോഗിച്ച് എടുക്കുന്ന ടിക്കറ്റുകൾക്കാണ് ഈ ഇളവ് ലഭിക്കുന്നത്. ഇതിന് പുറമെ loyalty point program പ്രകാരം കൂടുതൽ ഇളവുകൾ യാത്രക്കാർക്ക് ലഭിക്കുമെന്ന് NCRTC അറിയിച്ചു.

=============================================

## GR ANIL – RATION

ജനുവരിയിലെ ഭക്ഷ്യധാന്യങ്ങൾ രണ്ടുദിവസത്തിനകം റേഷൻ കാർഡുടമകൾ കൈപ്പറ്റണമെന്ന് മന്ത്രി ജി.ആർ.അനിൽ. ജനുവരിയിലെ വിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻ കടകളിലുമുണ്ട്. റേഷൻകടകളിൽ സ്റ്റോക്ക് ഇല്ലെന്നും കടകൾ കാലിയാണെന്നുമുള്ള വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് മന്ത്രി അറിയിച്ചു.

=============================================

## ARMY RECRUITMENT RALLY

ഫെബ്രുവരി ഒന്ന് മുതൽ ഏഴ് വരെ തൃശ്ശൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ ആർമിയിലേക്കുള്ള **അഗ്നിപഥ്** റിക്രൂട്ട്മെന്റ്

റാലി സംഘടിപ്പിക്കും. 2019-ന് ശേഷം തൃശ്ശൂർ ജില്ല ആതിഥേയത്വം വഹിക്കുന്ന റാലി ഫെബ്രുവരി ഒന്നിന് രാവിലെ ആറ് മണിക്ക് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഫ്ളാഗ് ഓഫ് ചെയ്യും. കോഴിക്കോട്, കാസർകോട്, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, വയനാട്, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട **3,381** ഉദ്യോഗാർത്ഥികൾക്കായാണ് റിക്രൂട്ട്മെന്റ് റാലി നടത്തുന്നത്. ഉദ്യോഗാർത്ഥികൾക്ക് റാലിയിൽ പങ്കെടുക്കാൻ എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

===============================================

## SUDAN PLANE CRASH

ദക്ഷിണ സുഡാനിൽ ചെറുവിമാനം തകർന്ന് 20 പേർ മരിച്ചു. എണ്ണപാടങ്ങളിലെ തൊഴിലാളികൾ സഞ്ചരിച്ച വിമാനം തലസ്ഥാനമായ ജൂബയിലാണ് അപകടത്തിൽപെട്ടത്. Unity oilfield വിമാനത്താവളത്തിലാണ് അപകടമുണ്ടായതെന്ന് അധികൃതർ അറിയിച്ചു.

===============================================

## KERALA WEATHER

കേരളത്തിൽ ഇന്ന് സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കരുത്. നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം. ശാരീരിക അസ്വസ്ഥതകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും ആരോഗ്യമന്ത്രി അഭ്യർത്ഥിച്ചു.

===============================================

===============================================